LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റിൽപ്പെടുത്തിയിരിക്കുന്നു എന്നുള്ളത് മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെ ദോഷകരമായി ബാധിക്കും. ഇക്കാര്യത്തിൽ സംസ്ഥാന ഗവണ്മെന്റിന്റെ ശക്തമായ എതിർപ്പ് കേന്ദ്രഗവണ്മെന്റിനെ 28-1-2005-ൽ അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി കൊച്ചിയിൽ വന്ന സമയത്ത് അവിടെ നടത്തിയ ചർച്ചയിലും ഈ പ്രശ്നത്തെപ്പറ്റി പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ശ്രീ. ടി. എൻ. പ്രതാപനും മറ്റ് ചില സംഘടനകളും ഗവണ്മെന്റിന്റെ മുമ്പിൽ ഇതിന്റെ അപകട സാധ്യതകളെക്കുറിച്ച് വ്യക്തമായ നിവേദനങ്ങൾ തന്നിട്ടുണ്ട്. ഇതിനെതിരെ ഒരു ശക്തമായ നിലപാട് എടുത്തിട്ടുണ്ട്, തുടർന്നും എടുക്കും. ഇത് തീരദേശങ്ങളുള്ള സംസ്ഥാനങ്ങളെയെല്ലാം ബാധിക്കും. കോസ്റ്റൽ ഏരിയയിൽപ്പെട്ട എല്ലാ സംസ്ഥാനങ്ങളിലെയും ഫിഷറീസ് മന്ത്രിമാരുടെ ഒരു യോഗം കേരളം മുൻകൈ എടുത്ത് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകത്ത് മറ്റ് ഏതിനേക്കാളും പ്രധാനം കൂട്ടായ പരിശ്രമമാണ്. ഓരോ സ്റ്റേറ്റിനേയും ബാധിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നമാണിത്. അതുകൊണ്ട് ഒരു സമ്മേളനം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ഗവണ്മെന്റ് ഇവിടത്തെ മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഈ പുതിയ എഗ്രിമെന്റ് നടപ്പിലാക്കാതിരിക്കാൻ, നടപ്പാക്കിയാൽത്തന്നെ നമ്മളെ ബാധിക്കാത്ത വിധത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടി ശക്തമായ സമ്മർദം ചെലുത്തുമെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

(3) ഞാറയ്ക്കലിൽ പോലീസ് കസ്റ്റഡിയിലായിരുന്ന ദളിത് യുവാവിന്റെ ആത്മഹത്യ

ഡോ. എം. എ. കുട്ടപ്പൻ : സർ, ഞാറക്കൽ പോലീസ് സ്റ്റേഷനതിർത്തിയിൽ നെടുങ്ങാട് പ്രദേശത്തുള്ള ശരവണൻ എന്ന ദളിത് യുവാവ് കഴിഞ്ഞ ഞായറാഴ്ച വൈകുന്നേരം കെട്ടിത്തൂങ്ങി ആത്മഹത്യചെയ്യുകയുണ്ടായി. നാലഞ്ചുദിവസംമുൻപ് അജ്ഞാതരായ നാലഞ്ചുപേർ ചേർന്ന് ശരവണനെ ക്രൂരമായി മർദ്ദിക്കുകയും വെട്ടിപരിക്കേൽപ്പിക്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് ഞാറയ്ക്കൽ ഹോസ്പിറ്റലിൽ ശരവണൻ ചികിത്സയിലായിരുന്നു. ശരവണൻ പോലീസിനുകൊടുത്ത മരണമൊഴിയിൽ ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിലെ എ. എസ്. ഐ. അടക്കമുള്ള ചില ആളുകൾ അക്രമികളെ പറഞ്ഞുവിട്ടാണ് ഈ അക്രമം നടത്തിയതെന്ന് പറഞ്ഞിട്ടുണ്ട്. സെപ്റ്റംബർ 22-ാം തീയതി ഈ കേസുമായി ബന്ധപ്പെടുത്തി ശരവണനെ നിയമവിരുദ്ധമായി പോലീസ് കസ്റ്റഡിയിൽ വയ്ക്കുകയുണ്ടായി ഒരാഴ്ചയോളം ശരവണൻ പോലീസ് കസ്റ്റഡിയിൽ ഉണ്ടായിരുന്നു എന്നാണ് പറയപ്പെടുന്നത്. ക്രൂരമായി മർദ്ദിക്കുകയും മൂത്രം കുടിപ്പിക്കുകയും ചെയ്തു എന്ന ആക്ഷേപം ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവിടുത്തെ എസ്.ഐ.-യെ സസ്പെൻറു ചെയ്യുകയുണ്ടായി. പോലീസിനെതിരെ കേസും ഉണ്ടായി. മാർച്ചുമാസം 20-ാം തീയതി ശരവണനെ മർദ്ദിച്ച പോലീസുകാരെ കണ്ടെത്താനുള്ള ഐഡന്റീഫിക്കേഷൻ പരേഡ് നിശ്ചയിച്ചിരിക്കുകയായിരുന്നു. കേസ് തെളിഞ്ഞാൽ ഉദ്യോഗസ്ഥരുടെ ജോലി നഷ്ടപ്പെടുമെന്ന് ഭയന്ന് അക്രമികളെ പോലീസുകാർ തന്നെ നിയോഗിച്ചു എന്നാണ് ശരവണൻ മരിക്കുന്നതിനുമുൻപ് മൊഴി നൽകിയിരിക്കുന്നത്; ഇവിടെ ലോക്കൽ പോലീസാണ് അന്വേഷിക്കുന്നത് അന്വേഷണം ഒരിക്കലും നീതിപൂർവ്വകം ആയിരിക്കാനിടയില്ല എന്ന ആക്ഷേപവും ഉണ്ട്. അതുകൊണ്ട് ഉന്നതതല പോലീസ് സംഘത്തെക്കൊണ്ട് അന്വേഷിപ്പിച്ച് നടപടി എടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഡോക്ടർ എം. എ. കുട്ടപ്പൻ പറഞ്ഞത് സെപ്റ്റംബർ-22 ന് ഒരു വള്ളത്തിന്റെ മോഷണവുമായി ബന്ധപ്പെട്ട പരാതിയെത്തുടർന്ന് ശരവണനെ അറസ്റ്റു ചെയ്തുവെന്നാണ്. ഒരാഴ്ചയോളം അനധികൃതമായി പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിരുന്നു; അത് സംബന്ധിച്ച് പരാതി ലഭിച്ചു; പരാതി അന്വേഷിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് നിയമവിരുദ്ധമായി ശരവണനെ സൂക്ഷിച്ച പോലീസ് സ്റ്റേഷനിലെ എസ്.ഐ.-യെ സസ്പെന്റ് ചെയ്തു. അദ്ദേഹം ഇപ്പോഴും സസ്പെൻഷനിലാണ്. 24-ാം തീയതിയാണ് ശരവണനെ കണ്ടാലറിയാവുന്ന ആറുപേർ ചേർന്ന് മർദ്ദിച്ചതായി പറഞ്ഞ് ഞാറയ്ക്കൽ സർക്കാരാശുപത്രിയിൽ ചികിത്സയിലായത്. 27-ന് ഡിസ്ചാർജ് ചെയ്തു; കഴിഞ്ഞദിവസം തുങ്ങിമരിച്ചു.[1] ഇത് സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് അതിന്റെ അന്വേഷണങ്ങൾ നടക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അന്വേഷണം ഏതെങ്കിലും ഒരു പ്രത്യേക ഏജൻസിയെ ഏൽപ്പിക്കുന്നതിന് വിരോധമില്ല. കാരണം ഇതിനകത്ത് എന്തെങ്കിലും വിധത്തിലുള്ള തെറ്റായ നടപടി ഉണ്ടായിട്ടുണ്ടെങ്കിൽ അത് വെളിപ്പെട്ടുവരണം എന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. ശരവണന്റെ ആദ്യത്തെ പരാതി കിട്ടിയപ്പോൾത്തന്നെ ഗൗരവമായി എടുക്കുകയും അന്വേഷിച്ചപ്പോൾ ശരിയാണെന്ന് കണ്ട് നടപടി എടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ കാര്യത്തിൽ ഉള്ള അന്വേഷണം ശരിയായ രീതിയിൽ നടത്തുമെന്ന് ഉറപ്പുപറയാൻ ആഗ്രഹിക്കുകയാണ്.

(4) ഫാദർ ജോബ് ചിറ്റിലപ്പള്ളിയുടെ കൊലപാതകം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന ആവശ്യം

ശ്രീ. തോമസ് ഉണ്ണിയാടൻ : ഇലിങ്ങാലക്കുട രൂപതാംഗവും തൃശ്ശിപ്പറമ്പ് വരപ്രസാദ നാഥ പള്ളി വികാരിയുമായിരുന്ന ഫാദർ ജോബ് ചിറ്റിലപ്പള്ളി 28-8-2004 ശനിയാഴ്ച തിരുവോണനാളിൽ അതിദാരുണമായി കൊല ചെയ്യപ്പെടുകയുണ്ടായി. ഈ സംഭവുമായി ബന്ധപ്പെട്ട് അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. എ. കെ. ആന്റണി ഞാൻ നൽകിയ നിവേദനത്തെത്തുടർന്ന് ക്രൈം ബ്രാഞ്ചിനെ കേസ് അന്വേഷണത്തിന് ചുമതല പ്പെടുത്തുകയും കേസുമായി ബന്ധപ്പെട്ട രഘുകുമാർ എന്ന വ്യക്തിയെ പോലീസ് അറസ്റ്റുചെയ്യുകയും ടിയാൾ ജുഡീഷ്യൽ കസ്റ്റഡിയിൽ തുടരുകയുമാണ്. ഈ സംഭവത്തെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും സംസ്ഥാന മന്ത്രിസഭയിലെ ശ്രീ കെ. എം. മാണിയും അതുപോലെതന്നെ ശ്രീ. ഡൊമിനിക് പ്രസന്റേഷനും ഉൾപ്പെടെയുള്ള മന്ത്രിസഭാംഗങ്ങൾ സംഭവ സ്ഥലത്ത് വരികയും ഇതുമായി ബന്ധപ്പെടുകയും ചെയ്തിരുന്നു. ഈ സംഭവത്തിൽ രഘുകുമാറിനെ കൂടാതെ മറ്റു പല പ്രതികളും ഉണ്ട് എന്ന് പൊതുവേ സംശയം ഉണ്ടാവുകയും അത് വലിയ ആശങ്കയായി രൂപപ്പെടുകയും അതിനെ തുടർന്ന് നിരവധി പ്രക്ഷോഭങ്ങൾ നടക്കുകയുമൊക്കെ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് ഒരു വിദഗ്ദ്ധ സംഘം അന്വേഷിക്കണം എന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അതിലേക്കാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുകയും അന്വേഷണസംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. അന്വേഷണ സംഘം ഇതുമായി ബന്ധപ്പെട്ട് അന്വേഷണങ്ങൾ നടത്തി വരുന്നുണ്ടെങ്കിൽപ്പോലും ഇതുവരെയായി ഇതിന്റെ അന്വേഷണ റിപ്പോർട്ട് നൽകിട്ടില്ല എന്നുള്ളത് വലിയ ആശങ്കയും ബുദ്ധിമുട്ടും ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ട് വിദഗ്ദ്ധ

LIBRARY ARCHIVES Kerala Legislative Assembly